**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3892** **06-08-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി ഇറിഗേഷൻ കനാൽ റോഡുകളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പ്രളയത്തിൽ തകർന്ന തദ്ദേശറോഡുകളുടെ പുനരുദ്ധാരണത്തിന് മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽപ്പെടുത്തിയ പേരാമ്പ്ര മണ്ഡലത്തിലെ കുറ്റ്യാടി ഇറിഗേഷന്റെ കനാൽ റോഡുകളിൽ പ്രവൃത്തി ചെയ്യുന്നതിനായി കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ അനുമതിയ്ക്കായി അപേക്ഷ നൽകിയിരുന്നോ; | (എ) | നല്കിയിരുന്നു. |
| (ബി) | ഉണ്ടെങ്കിൽ അതിന് പ്രത്യേകമായി ചെലാൻ അടച്ചിരുന്നോയെന്നും ഏതൊക്കെ റോഡുകളുടെ പ്രവൃത്തികൾക്കുള്ള അനുമതിയ്ക്കായാണ് അപേക്ഷിച്ചതെന്നും വിശദമാക്കാമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇതിനായി എന്നാണ് അപേക്ഷ ലഭിച്ചതെന്നും ഇതുവരെ ഏതൊക്കെ റോഡുകളുടെ പ്രവൃത്തിക്കാണ് അനുമതി നൽകിയതെന്നും വിശദമാക്കുമോ; | (സി) | അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് എത്ര തവണ ഇക്കാര്യം അന്വേഷിച്ചുകൊണ്ട് കത്ത് ലഭിച്ചിരുന്നുവെന്നും ഇനി എത്ര റോഡുകളുടെ പ്രവൃത്തിക്ക് അനുമതി നൽകാനുണ്ടെന്നും കാലതാമസത്തിന് കാരണമെന്താണെന്നും വിശദമാക്കാമോ; കാലതാമസത്തിന് ഉത്തരവാദികളായവരെക്കുറിച്ച് അന്വേഷണം നടത്തുമോ; | (ഡി) | കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് അപേക്ഷയോടൊപ്പം സമർപ്പിച്ച കത്തുകളല്ലാതെ മറ്റ് കത്തുകളൊന്നും ലഭിച്ചിട്ടില്ല. അപേക്ഷ ലഭിച്ച എല്ലാ പ്രവർത്തികൾക്കും അനുമതി നൽകിയിട്ടുണ്ട്. കോവിഡ് 19 ന്റെ സാഹചര്യത്തിൽ ഏർപ്പെടുത്തിയ ലോക്ഡൗൺ മൂലം ഒരു പ്രവർത്തിക്ക് അനുമതി നൽകാൻ കാലതാമസം നേരിട്ടിട്ടുണ്ട്. |
| (ഇ) | സേവന അവകാശ നിയമമനുസരിച്ച് പ്രവൃത്തികൾക്ക് അനുമതി നൽകാനുള്ള കാലയളവ് എത്രയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | പ്രവൃത്തികൾക്ക് ഉപയോഗാനുമതി നൽകുന്നത് സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ